# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഡിസംബർ 07 ചൊവ്വ 2021

Volume: 1, Issue: 19


ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## പത്താം കിണറിന്റെ പത്തരമാറ്റുള്ള കിടങ്ങ്

### : നാരായണേട്ടന്റെ വാശിയുടെയും അദ്ധ്വാനത്തിന്റെയും കഥ

**എലിസബത്ത് സാബു**

യുദ്ധത്തിൽ പലതവണ തോറ്റോടി ഗുഹയിൽ ഒളിച്ച രാജാവിന് തിരിച്ചുപോയി രാജ്യം പിടിക്കാൻ പ്രചോദനമായത് ഒരു ചിലന്തിയാണ്; ഏഴ് തവണ പൊട്ടിയിട്ടും നിർത്താതെ എട്ടാം തവണ വല വിജയകരമായി നിർമ്മിച്ച ചിലന്തി. രാജാവിനെയും ചിലന്തിയെയും വെല്ലുന്ന വിജയകഥയാണ് നാരയണേട്ടന്റേത്. ഒൻപത് തവണ ഫലം കാണാത്ത ശ്രമം പത്താമത് വിജയം കണ്ട കഥ. വെള്ളം കാണാത്ത ഒൻപത് കിണറുകൾക്കും അതിനുമപ്പുറം ഉയർന്നു കേട്ട പരിഹാസങ്ങൾക്കും മുൻപിൽ തളരാതെ നാരായണേട്ടൻ ആവേശത്തോടെ വീണ്ടും കുഴിച്ചു. വെള്ളം കണ്ടു. തന്റെ തന്നെ ജീവിതസാഹചര്യങ്ങളായിരുന്നു നാരായണേട്ടന് പ്രചോദനമായത്.







അങ്ങാടിക്കടവിലെ അട്ടയോലി മലയിൽ താമസിക്കുന്ന നാരായണേട്ടന്റെ വീട്ടിൽ അധികം ആരും അറിയാത്ത ഒരു കൗതുകം ഉണ്ട്. അമ്പത്തിയഞ്ച് അടി താഴ്ച്ചയുള്ള ഒരു കിണറും അതിന്റെ മുകളിൽ നിന്നും മുപ്പത് അടി താഴേക്ക് ഒരു വലിയ കിടങ്ങും. ഈ കൗതുകത്തിന് പിന്നിൽ നാരായണേട്ടന്റെ വാശിയുടെയും അദ്ധ്വാനത്തിന്റെയും പ്രതീക്ഷയുടെയും കഥയുണ്ട്. ഭാവനയുടെയും യുക്തിയുടെയും ശാസ്ത്രബോധത്തിന്റെയും അംശം ഉണ്ട്.

പരിസരപ്രദേശങ്ങളിൽ വെള്ളമുണ്ടായിരുന്നിട്ടും സ്വന്തം പറമ്പിൽ ഒരു കിണർ വേണമെന്നത് നാരായണേട്ടന്റെ സ്വപ്നമായിരുന്നു. പക്ഷേ പതിമൂന്ന് കോലിൽ വെള്ളം കാണുമെന്നുറപ്പിച്ച് കുത്തിയ പത്താമത്തെ കിണറിലും കണ്ടത് പാറ മാത്രം. പ്രതീക്ഷ കൈവിടാതെ പാറപ്പൊട്ടിച്ച് വീണ്ടും കുഴിച്ചു. അമ്പത്തിയഞ്ച് അടിയിൽ ഉറവ കണ്ടു. എന്നാൽ ഇത്രയും താഴ്ച്ചയിൽ നിന്നും വെള്ളം കോരുകയെന്നത് ശ്രമകരമായ ജോലിയായിരുന്നു. ജോലി എളുപ്പമാക്കാൻ എട്ടാം ക്ലാസ്സിൽ പഠിച്ചു മറന്ന ശാസ്ത്ര പരീക്ഷണം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി.

'എത്ര താഴ്ച്ചയിൽ നിന്നും യന്ത്രത്തിന്റെയോ മറ്റ് ബാഹ്യബലങ്ങളുടെയോ സഹായം ഇല്ലാതെ ഗുരുത്ത്വാകർഷണവും അന്തരീക്ഷ മർദ്ദവും ഉപയോഗിച്ച് ജലനിരപ്പിൽ നിന്നും ഇരുപത്തിയഞ്ച് അടി വരെ വെള്ളം മുകളിലേക്കെത്തിക്കുന്ന വിദ്യ. അതുകൊണ്ടുതന്നെ ഇരുപത്തിയഞ്ച് അടി മുകളിൽ വരെ വെള്ളമെത്തിക്കാമെന്ന് എനിക്കുറപ്പായിരുന്നു. എന്നാൽ അമ്പത്തിയഞ്ച് അടി താഴ്ച്ചയിൽ നിന്നും ഇരുപത്തിയഞ്ച് അടി മുകളിൽ വരെ വെള്ളമെത്തിച്ചാൽ പോരല്ലോ. ഇതിനൊരു പോംവഴിയായിരുന്നു കിടങ്ങ്. മുകളിൽ നിന്നും മുപ്പത് അടി താഴ്ച്ചയും രണ്ടേക്കാൽ അടി വീതിയും നാൽപ്പത്തിയഞ്ച് മീറ്റർ നീളവുമുള്ള ഒരു വലിയ കിടങ്ങ് കിണറിന് വിലങ്ങനെ തുരന്നുണ്ടാക്കി പൈപ്പ് വഴി വെള്ളം വീട്ടിലേക്കെത്തിച്ചു.' നാരായണേട്ടൻ പറഞ്ഞു.

'ഒരാൾക്ക് കടക്കാനെന്നോണം വീതി കുറച്ചാണ് കിടങ്ങ് പണിതത് അല്ലെങ്കിൽ ഒരുപാട് പണിയേണ്ടതായി വരും. ഒരേ അളവിൽ ഒരോ തവണ താഴേക്ക് വെട്ടുമ്പോഴും കൈ ഭിത്തിയിൽ ഇടിച്ച് മുറിഞ്ഞുകൊണ്ടിരുന്നതിനാൽ രണ്ടോ മൂന്നോ ദിവസത്തിൽ കൂടുതൽ ഒരു പണിക്കാരന് പണിയാൻ സാധിച്ചിരുന്നില്ല. അന്നത്തെ കാലത്ത് ഒരാൾക്ക് നാനൂറ് രൂപ എന്ന കണക്കിൽ നൂറ് ആളിന്റെ പണിയുണ്ടായിരുന്നു. ഒരു മാസത്തോളം എടുത്ത കിടങ്ങിന്റെ പണിക്ക് ഏകദേശം നാൽപതിനായിരം രൂപ ചിലവായി. കൂടാതെ കിണറിന് വേറെയും.' നാരായണേട്ടൻ ഓർത്തെടുത്തു. 2001-ൽ പണി തീർന്ന ഈ കിണറിനും കിടങ്ങിനും ഏതാണ്ട് ഒന്നര ലക്ഷം രൂപ ചിലവായി. അതിന്റെ ബാധ്യത ഇന്നും തീർന്നിട്ടില്ല.

രണ്ടാം വയസ്സിൽ പാലക്കാട് നിന്നും കുടുംബത്തോടൊപ്പം അങ്ങാടിക്കടവിലേക്ക് കുടിയേറിയ ആളാണ് നാരയണേട്ടൻ. എടൂർ സെന്റ് മേരിസ് സ്കൂളിൽ പ്രാഥമിക പഠനം. ജീവീത സഖി ഭാർഗ്ഗവി. മൂന്ന് മക്കൾ. എഴുപതിന് മുകളിൽ പ്രായമുള്ള ഇദ്ദേഹം ഇരുപതിന്റെ ചുറുചുറുക്കോടെ ഇന്നും മണ്ണിൽ പണിയെടുക്കുന്നു. കൃഷിയാണ് ഉപജീവനമാർഗ്ഗം. പ്രധാന കൃഷി കശുമാവാണ്. വന്യമൃഗങ്ങളുടെ ശല്യം ചെറുവിളകൾ കൃഷിചെയ്യുന്നത് തടസ്സമാക്കുന്നുണ്ടെങ്കിലും ഏത് പ്രതികൂല സാഹചര്യങ്ങളേയും അനുകൂലമാക്കുന്ന നാരയണേട്ടന്റെ നിശ്ചയദാർഢ്യം അദ്ദേഹത്തെ തളരാതെ മുന്നോട്ട് നയിക്കുന്നു.

## അതിദാരിദ്ര്യ നിർമ്മാർജ്ജനം; സർവ്വെയ്ക്ക് തുടക്കമായി

**ശാനിബ ടി**



*അതിദാരിദ്ര സർവ്വെ പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.*

കേരള സർക്കാരിന്റെ അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വെ നടത്തുന്നു. സംസ്ഥാനത്ത് അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തോടനുബന്ധിച്ച് പൊതുശ്രദ്ധയിൽ പെടാതെ പോകുന്നതും ഒറ്റപ്പെട്ടു കഴിയുന്നതുമായ നിരാശ്രിതരെ പരിരക്ഷിക്കുതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ആദ്യഘട്ട സർവ്വെ. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, പാർപ്പിടം, വരുമാനം എന്നിവയ്ക്ക് ശേഷിയില്ലാത്ത അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി സഹായങ്ങൾ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

'ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ അർഹരായവരുടെ പട്ടികകൾ ശേഖരിച്ച് വീടുകളിൽ പോയി മൊബൈൽ ആപ്പ് വഴിയാണ് വിവരശേഖരണം നടത്തുന്നത്. വ്യക്തമായ മാനദണ്ഡങ്ങളിലൂടെ അതിദരിദ്രരെ മുഴുവനായും ഉൾപ്പെടുത്തുകയും അനർഹരായിട്ടുള്ളവരെ ഒഴിവാക്കുകയും ചെയ്യും. പട്ടികവർഗ്ഗ കുടുംബങ്ങൾ, തീരദേശവാസികൾ, നഗരദരിദ്രർ തുടങ്ങിയവരിൽ അടിസ്ഥാന ആവശ്യങ്ങളില്ലാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തും. സാമൂഹിക ദുർബലത അനുഭവിക്കുന്ന എച്ച് ഐ വി ബാധിതർ, അനാഥരായ കുട്ടികളുള്ള ദരിദ്രകുടുംബങ്ങൾ, എൽ ജി ബി ടി ക്യു ഐ എ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന ലഭിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ആശ്രയ പദ്ധതിയിൽ വിട്ടുപോയ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള സഹായവും സംരക്ഷണവും മൈക്രോപ്ലാനിലൂടെ നടപ്പിലാക്കുകയെതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെയും ജനകീയ പങ്കാളിത്വത്തോടുകൂടിയുമാണ് ഈ പ്രക്രിയ നടത്തുന്നത്. ഇതിനായി സംസ്ഥാന ജില്ലാതല സമിതിയും തദ്ദേശ സ്വയംഭരണ ജനകീയ സമിതികളും രൂപീകരിക്കും. ഓരോ വാർഡിൽ നിന്നും തദ്ദേശ സ്വയംഭരണ സമിതി കണ്ടെത്തിയ ഒരു ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഉദ്യോഗസ്ഥയും രണ്ട് സന്നദ്ധ പ്രവർത്തകരുമടങ്ങിയ മൂന്നുപേരെ (എന്യൂമറേഷൻ ടീം) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ കീഴിൽ വിപുലമായ പരിശീലനം നൽകിയാണ് വിവരശേഖരണത്തിനായി തിരഞ്ഞെടുക്കുന്നത്'. പരിശീലനം നയിക്കുന്ന തളിപ്പറമ്പ് ഡിവിഷൻ റിട്ട: എ ഇ ഒ ശശിധരൻ പറഞ്ഞു.

ആഗസ്റ്റ് ഒന്നിന് തുടക്കമിട്ട് പദ്ധതിയുടെ അതിദരിദ്രരെ കണ്ടെത്തുതിനുള്ള ആദ്യഘട്ട സർവ്വെ ഡിസംബർ 31 ന് മുമ്പായി അവസാനിക്കും. 2022 ജനുവരി ഒന്നു മുതൽ ജനപ്രതിനിധികളും വിവിധ സമിതി അംഗങ്ങളും സന്നദ്ധപ്രവർത്തകരും കൂടി മൈക്രോപ്ലാൻ രൂപീകരിച്ച് നടത്തിപ്പിനു നേതൃത്വം നൽകും. അയ്യൻകുന്ന് പഞ്ചായത്ത് കാര്യാലയത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ നേതൃത്വത്തിൽ റിട്ട: എ ഇ ഒ ശശിധരൻ, റിട്ട: കൃഷി ഓഫീസർ ഭരതൻ, പഞ്ചായത്ത് ടെക്നികൽ അസിസ്റ്റന്റ് ലെബിൻ ടോം എന്നിവർ എന്യൂമറേഷൻ ടീമിന് പരിശീലനം നടത്തി.

## നെറ്റ്ബോൾ വേദിയായി ഡോൺ ബോസ്കോ കോളേജ്

**സെബിമോൾ കെ വർഗ്ഗീസ്**



*പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ സോക്കർ 9 ടീം*

കണ്ണൂർ ജില്ല ജൂനിയർ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിന് വേദിയായി ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ്. കണ്ണൂർ ജില്ല നെറ്റ്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ നവംബർ 27ന് നടന്ന ചാമ്പ്യൻഷിപ്പിനാണ് കോളേജ് വേദിയായത്. ആൺകുട്ടികളുടെ വിഭാഗത്തിൽ സ്ട്രൈക്കേഴ്സ് കണ്ണൂരും പെൺകുട്ടികളുടെ വിഭാഗത്തിൽ സോക്കർ 9 സ്പോർട്സ് ഫൗണ്ടേഷൻ അങ്ങാടിക്കടവും ചാമ്പ്യൻമാരായി.

ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ല നെറ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ഷഹീൻ പള്ളിക്കണ്ടി അദ്ധ്യക്ഷത വഹിച്ചു.

പെൺകുട്ടികളുടെ ഏഴു ടീമുകളും ആൺകുട്ടികളുടെ ഒൻപതു ടീമുകളുമാണ് പങ്കെടുത്തത്. പെൺകുട്ടികളുടെ വിഭാഗത്തിൽ എസ് 9 സ്പോർട്സ് അക്കാദമിക്കു രണ്ടാംസ്ഥാനവും ജി. എച്ച്. എസ്. എസ് ചേലോറയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ സോക്കർ 9 സ്പോർട്സ് അക്കാദമി രണ്ടാംസ്ഥാനവും വോയിസ് ഓഫ് മണിക്കടവ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

'ജില്ല ജൂനിയർ ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ച്ചവച്ചവരെ പത്തനംതിട്ടയിൽ വച്ചു നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുപ്പിക്കും. അഞ്ചു ദിവസത്തെ ക്യാമ്പിനു ശേഷം അതിൽ മികവു പുലർത്തുന്ന 12 ആൺകുട്ടിളെയും 12 പെൺകുട്ടികളെയുമാണ് സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്ക് മത്സരിപ്പിക്കുക'. കണ്ണൂർ ജില്ല നെറ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി കെ. പ്രഭാവതി പറഞ്ഞു.

'അക്കാദമിക്കു കീഴിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും വ്യത്യസ്ത ടീമുകളായി മത്സരത്തിൽ പങ്കെടുക്കാൻ സാധിച്ചു'. സോക്കർ 9 ടീം കോച്ച് വിനിഷ വിൻസെന്റ് പറഞ്ഞു.

സമാപന സമ്മേളനം അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജർ റവ.ഫാദർ ബാസ്റ്റിൻ നെല്ലിശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ എന്നിവർ വിജയികൾക്ക് സമ്മാനദാനം നടത്തി.

## എഡിറ്റോറിയൽ

# പരിശ്രമത്തിന്റെ പാഠങ്ങൾ...

അന്ത്യമില്ലാത്ത പരിശ്രമങ്ങളിലേക്കാണ് ഓരോ മനുഷ്യജീവനും പിറന്ന് വീഴുന്നത്. ഒട്ടേറെ അതിജീവനപരിശ്രമങ്ങൾക്കൊടുവിൽ 21ാം നൂറ്റാണ്ടിന്റെ ആധുനികതയിൽ എത്തിനിൽക്കുമ്പോൾ ജീവിതം പലപ്പോഴും ലളിതമാണ്. അതുകൊണ്ട് തന്നെ പടവെട്ടാനുള്ള ഊർജ്ജം നിത്യജീവിതത്തിൽ നഷ്ടപ്പെടുകയും ചെയ്യുന്നു. ഇടറുന്ന ഓരോ കാൽച്ചുവടിലും തോൽവിയെ മുന്നിൽ കണ്ട് പതറിപോകുന്നവരാണ് പുത്തൻ തലമുറ.

ഇത്തരം ഇടർച്ചകളിൽ ഓർത്തുവെക്കേണ്ട ചില നിർമ്മിതികളുണ്ട്, പേരുകളുണ്ട്, ചില പരിശ്രമങ്ങളുണ്ട്. ഒമ്പത് തവണ കുഴിച്ചിട്ടും വെള്ളം കാണാതെ വന്നപ്പോൾ പരിശ്രമങ്ങളുപേക്ഷിച്ച് വീടുവിട്ട് പോകാമായിരുന്നു നാരായണേട്ടന്. എന്നാൽ സ്വന്തമായി ഒരു കിണർ എന്ന ആഗ്രഹം അദ്ദേഹത്തെ കൊണ്ടെത്തിച്ചത് ശാസ്ത്രപരീക്ഷണങ്ങളുടെ അത്ഭുതത്തെ വിളിച്ചോതുന്ന ഒരു പുത്തൻ നിർമ്മിതിയിലാണ്. അങ്ങാടിക്കടവിനാകെ കൗതുകമാണ് ഇന്ന് നാരായണേട്ടന്റെ കിണർ.

അസാധ്യമെന്ന് കരുതിയ കൊങ്കൺ റെയിൽപ്പാതയും തകർന്ന് വീണിടത്ത് നിന്നും വീണ്ടും പണിതുയർത്തിയ ഇടുക്കി ഡാമുമെല്ലാം നീണ്ട നിരയിലെ പരിചിത ഉദ്ദാഹരണങ്ങളാണ്. വിജയത്തിലേക്കുള്ള യാത്രകൾ പലപ്പോഴും ദൈർഘ്യമേറിയതാണ്. ലക്ഷ്യം കാണാതെ യാത്ര നിർത്തുന്നിടത്താണ് യഥാർത്ഥത്തിൽ നാം പരാജയപ്പെടുന്നത്. കേന്ദ്രസർക്കാരിന്റെ കാർഷിക ബിൽ പിൻവലിക്കണമെന്ന ആവശ്യം നേടിയെടുക്കാൻ കർഷകർ സമരം ചെയ്തത് ഒന്നും രണ്ടും ദിവസമല്ല; ഒരു വർഷമാണ്. ഇപ്പോളും അവർ സമരത്തിലാണ് ആവശ്യങ്ങൾ പൂർണ്ണമായി അംഗീകരിക്കുന്നതുവരെ പിന്നോട്ടില്ലെന്ന ഉറച്ച നിലപാടിലാണ്.നിലയ്ക്കാതെയുള്ള പരിശ്രമങ്ങളിൽ തളർന്നുപോകാതെ തകർന്നിടത്തുനിന്നും പണിതുയർത്തുമ്പോഴാണ് ജീവിതത്തിന്റെ യഥാർത്ഥ രുചി അറിഞ്ഞു തുടങ്ങുന്നത്.

**- എഡിറ്റർ**

# അ'ന്യായ'മല്ലെ ?...

**ജോജോ കെ ജെ**

അങ്ങാടിക്കടവ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ വ്യാപക പരാതിയുമായി പൊതുജനങ്ങൾ. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികളോട് അധികാരികൾ പ്രതികരിക്കുന്നു...

'അന്യായം അല്ലെ ഇത്, പ്ലാസ്റ്റിക് എടുക്കാൻ എന്ന പേരിൽ ഓരോ വീട്ടിൽ നിന്നും ഓരോ മാസവും 50 രൂപ എന്തിന് കൊടുക്കണം, ഒരു വർഷം 600 രൂപ.' (ഒരു വീടിന് ഒരു വർഷത്തെ പഞ്ചായത്ത് കരം 250 മാത്രം)

**- സജി കല്ലറയ്ക്കൽ**

'പ്ലാസ്റ്റിക് കവറുകൾ നിരോധിച്ച ഈ കാലത്ത് പ്ലാസ്റ്റിക് വിൽപന തടയേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ് അല്ലാതെ പ്ലാസ്റ്റിക് ഒന്നുമില്ലാത്ത വീട്ടിൽ നിന്ന് പോലും മാസം 50 രൂപ അനാവശ്യമല്ലേ.'

**- വിപിൻ വില്ല്യം**

'ആകെപ്പാടെ കുറച്ചു പ്ലാസ്റ്റിക്കേ ഉള്ളു. അതിലും നമ്മൾ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാത്രമാണ് അവർ സ്വീകരിക്കുക. നമ്മൾ തന്നെ അത് വേർതിരിക്കുകയും വേണം ഇങ്ങനെയാണെങ്കിൽ നമ്മൾ എന്തിന് 50 രൂപ കൊടുക്കണം.'

**- സണ്ണി തണങ്ങാട്ട്**

'പ്രവർത്തനം തുടങ്ങിയ കാലത്ത് 30 രൂപ ആയിരുന്നു നമ്മൾ ഇവർക്ക് കൊടുത്തിരുന്നത് എന്നാൽ ഈ കൊറോണ കാലത്ത് ഇവർ ഇത് 50 രൂപ ആയി ഉയർത്തി. ഇത്രയും സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ കാലത്ത് ഇത് തീർത്തും അന്യായമല്ലെ.'

**- ജോഷി ഓരത്തേൽ**

'പല വീടികളിലും പ്ലാസ്റ്റിക് കവറുകൾ കഴുകി ഉണക്കി വൃത്തിയാക്കാൻ സാധിക്കുന്നില്ല അതുകൊണ്ട് തന്നെ പകുതിയോളം ചിലപ്പോൾ പകുതിയിലേറയും പ്ലാസ്റ്റിക് വീട്ടിൽ തന്നെ കിടക്കും'.

**- ജോജോ ജോസഫ്**

'നമ്മുടെ മാലിന്യം തരം തിരിക്കേണ്ടതും വൃത്തിയാക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. കൂടാതെ 50 രൂപ മേടിക്കുമ്പോൾ അത് ഹരിതകർമ്മസേനയിലെ സ്ത്രീകൾക്ക് ഒരു വരുമാന മാർഗമാവുകയും ചെയ്യും'.

**- പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ**

'ശുചിത്വ കേരള മിഷന്റെ ഭാഗമായി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ലക്ഷ്യം നമ്മുടെ നാടും വീടും മാലിന്യമുക്തമാക്കുക എന്നതാണ്. കുറച്ചു ബുദ്ധിമുട്ടിയാണെങ്കിലും ഇത്തരം പ്രവർത്തനങ്ങളോട് സഹകരിച്ചാൽ നമ്മുടെ കേരളത്തെ നമ്മുക്ക് വൃത്തിയും വെടിപ്പുമുള്ള ഒരു ഇടമാക്കി മാറ്റാൻ സാധിക്കും.'

**- ഹരിതകർമ്മസേന പ്രവർത്തകർ.**

# കാലവർഷ വ്യതിയാനം; റബ്ബർ കർഷകർ പ്രതിസന്ധിയിൽ

**അനഘ കെ ടി**

കാലവർഷ വ്യതിയാനംമൂലം ടാപ്പിംങ് നടത്താൻ സാധിക്കാതെ റബ്ബർ കർഷകർ പ്രതിസന്ധിയിൽ. ന്യൂന മർദത്തെ തുടർന്നുണ്ടായ കനത്ത മഴകാരണം ടാപ്പിംങ് സീസണായ നവംബർ മാസത്തിൽ റബ്ബർഷീറ്റ് ഉത്പാദനം നിലച്ചത് കർഷകരുടെ വരുമാനത്തെ സാരമായി ബാധിച്ചു.

കർഷകർക്ക് ആശ്വാസമായി റബ്ബറിന്റെ വില 192 ആയി വർധിച്ചെങ്കിലും ടാപ്പിംങ് തുടങ്ങുമ്പോഴേക്കും 185 ആയി കുറഞ്ഞു. ദിനംപ്രതി വിലയിലുണ്ടാകുന്ന ഇടിവ് കർഷകരെ കൂടുതൽ ആശങ്കയിലാക്കുന്നു. കൂടാതെ ആസിഡ് അടക്കമുള്ള ഷീറ്റ് ഉത്പ്പാദനത്തിനാവിശ്യമായ സാധനങ്ങളുടെ വില താങ്ങാവുന്നതിലും അധികമാണ്. ആസിഡിന്റെ വില 190 ൽ നിന്ന് 290 ആയും, ഡിഷിന്റെ വില 190 ൽ നിന്ന് 250 ആയും വർധിച്ചു.

'മിക്ക ചെറുകിട കർഷകനും ലഭിക്കുന്ന ആകെ വരുമാനത്തിന്റെ പകുതിയിലധികവും ടാപ്പിംങ് കൂലിയടക്കമുള്ള ചിലവുകൾക്ക് നീക്കിവയ്ക്കേണ്ടി വരുന്നു. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു'. റബ്ബർ കർഷകൻ കാവനാടിയിൽ ജോർജ് പറഞ്ഞു.

'മരങ്ങളുടെ അകാല ഇലകൊഴിച്ചൽ മൂലം റബ്ബർ പാലുൽപ്പാദനം കുറയുകയും വരുമാനം നിലയ്ക്കുകയും ചെയ്തു. ദൈനംദിന ആവശ്യങ്ങൾക്കു പോലും കടം വാങ്ങിയും, ചിലവുകൾ ചുരുക്കിയും ജീവിക്കേണ്ട അവസ്ഥയിലാണ് '. റബ്ബർ കർഷകനായ നെല്ലിക്കുന്നേൽ മാത്യുവിന്റെ ഭാര്യ സോഫി പറഞ്ഞു.

ടാപ്പിംങ് കൂലി 2 രൂപയിൽ നിന്ന് 2.50 ആയി വർധിച്ചെങ്കിലും ടാപ്പിംങ് നടത്താൻ സാധിക്കാതെ വന്നത് തൊഴിലാളികളുടെ വരുമാനത്തെയും ബാധിച്ചു. പലരും മറ്റു തൊഴിൽ മേഖലയിലേക്ക് മാറി. ചിലർ പശുവിനെ വളർത്തിയും ചെറിയ തോതിലുള്ള അടയ്ക്ക, കുരുമുളക് കൃഷി നടത്തിയും ജീവിക്കുന്നു.

'റബ്ബറിൽ നിന്നുള്ള വരുമാനം ലഭ്യമാകാതെ വന്നതോടെ സ്വർണം പണയം വച്ചും, തോട്ടത്തിന്റെ ഒരു ഭാഗം വിറ്റുമാണ് മകളുടെ വിവാഹത്തിനു വേണ്ടി വീടുപണി നടത്തിയത്. ഇളയ മകളുടെ പഠിപ്പിനായി വിദ്യാഭ്യാസ ലോൺ എടുക്കണമെന്നുള്ള അവസ്ഥയിലേക്കും മാറി'. റബ്ബർ കർഷകനായ കാക്കതൂക്കിയിൽ ബെന്നിച്ചന്റെ ഭാര്യ ജെസി പറഞ്ഞു.

കാലം തെറ്റി പെയ്ത മഴ കാരണം കർഷകർക്ക് ടാപ്പിംങ് നടത്താൻ സാധിക്കാതെ വന്നത് റബ്ബർ സൊസൈറ്റിയേയും ബാധിച്ചു. കഴിഞ്ഞ വർഷം വരെ ലാഭത്തിൽ പ്രവർത്തിച്ച സൊസൈറ്റി റബ്ബർ ഷീറ്റുകളുടെ സ്റ്റോക്ക് കുറഞ്ഞതോടെ ലക്ഷങ്ങളുടെ നഷ്ടത്തിലാണ് മുന്നോട്ടു പോകുന്നത്. 'രണ്ടു ദിവസം കൂടുമ്പോൾ ഓരോ ടൺ റബ്ബർ കിട്ടിക്കൊണ്ടിരുന്ന സൊസൈറ്റിയിൽ ആഴ്ച്ചയിൽ അഞ്ചു കിന്റൽ റബ്ബർപോലും കിട്ടുന്നില്ല. ഓരോ ദിവസവും വില കുറയുന്നതു മൂലം വാങ്ങിയ വിലയ്ക്ക് വിൽക്കാൻ സാധിക്കാതെ വരുന്നു. കയറ്റുകൂലി, വണ്ടികൂലി, റൂം വാടക, കറന്റ് ബിൽ എല്ലാം കൂടി ഒരു രൂപ ലാഭത്തിനാണ് റബ്ബർ വിൽക്കുന്നത്. ഇത് സൊസൈറ്റിക്ക് വൻ നഷ്ടമുണ്ടാക്കുന്നു'. അങ്ങാടിക്കടവ് ഗ്രെയ്സ് റബ്ബർസൊസൈറ്റി തൊഴിലാളി വർക്കി കണ്ണംക്കുളം പറഞ്ഞു.

# ധനസമാഹരണത്തിനായി ബിരിയാണി ചലഞ്ച്

**നയന എം നായർ**



*ബിരിയാണി ചലഞ്ചിനു നേതൃത്വം നൽകിയ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ എൻ എസ് എസ് യൂണിറ്റംഗങ്ങൾ*

സേക്രഡ് ഹാർട്ട് സ്കൂൾ അങ്ങാടിക്കടവ് എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ധനസമാഹരണത്തിനായി ബിരിയാണി ചലഞ്ച് നടത്തി. ആദിവാസി വിദ്യാർത്ഥികൾക്കായി ആറളത്ത് നിർമിക്കാനിരിക്കുന്ന സ്പോർട്സ് ആൻഡ് ആർട്സ് സമുച്ചയത്തിന്റെ നിർമാണത്തിനായുള്ള ധനസമാഹരണത്തിന്റെ ഭാഗമായാണ് ബിരിയാണി ചലഞ്ച് നടത്തിയത്. ജില്ലയിലെ മുഴുവൻ എൻ എസ് എസ് യൂണിറ്റുകളും പങ്കാളിത്വം വഹിക്കുന്ന പദ്ധതിയിൽ സേക്രട്ട് ഹാർട്ട് സ്കൂൾ യൂണിറ്റ് പ്രവർത്തനം കാഴ്ച വച്ചത് ജില്ലാതല നിർദ്ദേശം അനുസരിച്ചാണ്.

തൊള്ളായിരം ബിരിയാണി പാഴ്സലുകൾ നൂറ്റിയിരുപത് രൂപാനിരക്കിലാണ് എൻ എസ് എസ് അംഗങ്ങൾ വിറ്റഴിച്ചത്. ഇതിലൂടെ ഒരു ലക്ഷം രൂപയോളം സമാഹരിക്കാൻ സേക്രഡ് ഹാർട്ട് എൻ എസ് എസ് യൂണിറ്റിന് സാധിച്ചു. കൂടുതൽ തുക സമാഹരിക്കുന്നതിനായി കേക്ക് ഫെസ്റ്റ് പോലുള്ള പരിപാടികൾ ആലോചിക്കുന്നുണ്ട്. പ്രോഗ്രാം കോർഡിനേറ്റർ എം ഡി മനോജ് പറഞ്ഞു.

വായനശാല, ഇൻഡോർ സ്റ്റേഡിയം, പ്ലേഗ്രൗണ്ട് മുതലായവ സ്പോർട്സ് ആൻഡ് ആർട്സ് സമുച്ചയത്തിൽ പണികഴിപ്പിക്കാനാണ് തീരുമാനം. കണ്ണൂർ എംപി കെ സുധാകരന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ട നടപടികൾ പുരോഗമിക്കുകയാണ്.

# ലഹരി വിരുദ്ധ റാലിയും സമ്മേളനവും നടത്തി

പൊതുജനങ്ങൾക്കിടയിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കെ.സി.ബി.സി മദ്യവിരുദ്ധ സമിതി അങ്ങാടിക്കടവ് യൂണിറ്റും, മുക്തിശ്രീ, മാതൃവേദി, കെ.സി.വൈ.എം, വിൻസെന്റ് ഡി പോൾ, എ.കെ.സി.സി, ടി.എസ്.എസ്, ജീസസ് യൂത്ത് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പൊതുജന റാലിയും ലഹരിവിരുദ്ധ സമ്മേളനവും നടന്നു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതി കുന്നോത്ത് മേഖല ഡയറക്ടർ ഫാ.തോമസ് പന്തലാനിക്കൽ അധ്യക്ഷത വഹിച്ചു. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി തലശ്ശേരി അതിരൂപത പ്രസിഡന്റ് ആന്റണി മേൽവട്ടം മുഖ്യ പ്രഭാഷണവും അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ചർച്ച് വികാരി ഫാ.തോമസ് ആമക്കാട്ട് അനുഗ്രഹ പ്രഭാഷണവും നടത്തി. അങ്ങാടിക്കടവ് തിരുഹൃദയ ദേവാലയത്തിൽ നിന്ന് ആരംഭിച്ച പൊതുജനറാലി അങ്ങാടിക്കടവ് ടൗണിൽ സമാപിച്ചു.

## അറിയിപ്പ്

റിസർവ് ബാങ്കിന്റെ നിർദേശപ്രകാരം ആധാർ കാർഡ് അക്കൗണ്ടുമായി ബന്ധിപ്പിക്കാൻ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും പാസ്സ്പ്പോർട്ട് സൈസ് ഫോട്ടോയും ഒരാഴ്ച്ചക്കുള്ളിൽ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇടപാടുകൾ തടസ്സപ്പെടാൻ സാധ്യതയുണ്ട്.

**മാനേജർ**
**കേരള ഗ്രാമീൺ ബാങ്ക്**
**അങ്ങാടിക്കടവ്**









For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: എലിസബത്ത് റ്റി സാബു | സബ് എഡിറ്റേഴ്സ്: സെബിമോൾ കെ വർഗ്ഗീസ്, ജോജോ കെ ജെ, നയന എം നായർ, അനഘ കെ ടി, ശാനിബ ടി | ഫോട്ടോഗ്രാഫേഴ്സ്: റിം താഹി നാബം | ഡിസൈൻ: ആര്യ പ്രസന്നകുമാർ